(13)

## വിവരാവകാശം/മറുപടി

ഇ11/10945/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി - 14/02/2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

അഡ്വ. ജോസഫ് ജോർജ്ജ്,
ചെങ്ങന്നൂർ.പി.ഒ,
പിൻ - 689 121

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ്- വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 1) താങ്കളുടെ 16/01/2017 ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

2) സർക്കാർ കത്ത് നം 1160775/എ1/2017/സാനീവ തീയതി 25/01/2017.

സൂചന (1) പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ നിലവിൽ നാല് ഒഴിവുകളുണ്ട്.
2) തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ
3) 29/03/2014, 13/03/2015 , 21/10/2015, 04/10/2016 എന്നീ തീയതികളിലാണ് വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ ഒഴിവ് നിലവിൽ വന്നത്.
4) സാമൂഹ്യനീതി വകുപ്പിൽ 10 വർഷം സേവനകാലാവധി പൂർത്തിയാക്കിയ സൈക്കോളജി, സോഷ്യൽ വർക്ക് അല്ലെങ്കിൽ സോഷ്യോളജിയിലുള്ള ബിരുദാനന്തബിരുദം അല്ലെങ്കിൽ അംഗീകൃത സർവകലാശാലയിൽ നിന്നുള്ള നിയമബിരുദം എന്നീ യോഗ്യതയുള്ള വനിതാ ജീവനക്കാരെ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ നിയമിക്കുവാൻ വിശേഷാൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.
5) സ്ഥിരനിയമനം നൽകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. മറുപടി സർക്കാരിൽ നിന്നും ലഭ്യമാകുന്നതാണ്.
6) വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ റഗുലർ പ്രൊമോഷൻ വഴി ഉദ്യോഗക്കയറ്റം നൽകുവാൻ വിശേഷാൽ ചട്ടം വ്യവസ്ഥ ചെയ്യുന്നില്ല.
7) ബാധകമല്ല.

8) ഉണ്ട്. മറ്റു ജില്ലകളിലെ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് ഒഴിവുള്ള ജില്ലകളിലെ തസ്തികയുടെ പൂർണ്ണഅധിക ചുമതല നൽകിയിട്ടുണ്ട്.

9) ഉണ്ട്.

10) ബൈട്രാൻസ്ഫർ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട വിശേഷാൽ ചട്ടത്തിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ആയത് പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

11) ടി വിവരം ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലഭ്യമാക്കുവാൻ കഴിയുകയില്ലെന്ന വിവരം അറിയിയ്ക്കുന്നു.

12) ഇല്ല.

13) വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം ലഭിക്കുവാൻ താൽപര്യമുള്ള ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു.

14) വയനാട്, തൃശ്ശൂർ ജില്ലകളിലേയ്ക്കായി രണ്ട് അപേക്ഷകൾ ലഭ്യമായി.

15) വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ആർക്കും നിയമനം നൽകിയിട്ടില്ല.

16) നിലവിലുള്ള വിശേഷാൽ ചട്ടത്തിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലെ നിയമനത്തെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാലാണ് വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം നൽകുവാൻ കഴിയാത്തത്.

17) ഇല്ല.

താങ്കൾ ആവശ്യപ്പെട്ട കത്തുകളുടെയും കുറിപ്പു ഫയലിന്റെയും പകർപ്പുകൾ ലഭ്യമാകുന്നതിന് പേജ് ഒന്നിന് രണ്ട് രൂപാ ക്രമത്തിൽ 5 പേജിന് 10 രൂപാ 0070-60-118-99 Receipts under the Right to Information Act , 2005 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് ചെലാന്റെ അസ്സൽ ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

ഈ മറുപടിയിൻമേൽ താങ്കൾക്ക് പരാതിയുള്ള പക്ഷം മറുപടി ലഭിച്ച് 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

4/2/12

**സാബു.ബി**

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

& സീനിയർ സൂപ്രണ്ട്